# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **27-09-2016-ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 340**

## പ്രകൃതി വാതക പൈപ്പ് ലൈൻ

**ചോദ്യം**

ശ്രീ. ജോർജ്ജ് എം.തോമസ്
ശ്രീ. കെ.ദാസൻ
ശ്രീ. എം.രാജഗോപാലൻ
ശ്രീ. റ്റി.വി.രാജേഷ്

**ഉത്തരം**

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

**(എ)** നിർദ്ദിഷ്ട ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

**(എ)** കേരളത്തിൽ ഏഴു ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 505 കി. മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും, P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർ ഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവെച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും, മഹസറും സംസ്ഥാനത്ത് ആകെ 505 കി.മീറ്ററിൽ 367 കി.മീ. (72%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ നിയമിച്ചു കഴിഞ്ഞു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെൻഡർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും

26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** പ്രസ്തുത പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകാവുന്ന ആശങ്കകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

**(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(സി)** എങ്കിൽ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിയ്ക്കുന്നതിനും അവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**(സി)** പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും, പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം റേഡിയോ വഴിയും, ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നടപ്പിൽ വരുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ റൂട്ട് നിശ്ചയിച്ചിട്ടുള്ളത്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പു വരുത്തി ശാസ്ത്രീയമായാണ് രൂപകൽപന ചെയ്തിട്ടുള്ളത്. വീടുകളേയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്.

വാതക പൈപ്പ്ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം (RoU) മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. നഷ്ടപരിഹാരം രണ്ടു ഘട്ടങ്ങളിലായാണ് നൽകുന്നത്. 1. വിളകളുടെ നഷ്ടപരിഹാരം, 2. സ്ഥലത്തിന്റെ നഷ്ടപരിഹാരം. വിളകൾക്ക് കോംപിറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വിലയും, സ്ഥലത്തിന് ന്യായവിലയുടെ 50% വും നഷ്ടപരിഹാരമായി നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ സ്ഥലവിലയുടെ കാര്യത്തിൽ സ്ഥലമുടമകൾക്ക് വേണ്ടത്ര നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ